പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

ജൂലൈ 01, 2016

## 'മേൽനോട്ട സഹകരണവും, മേൽനോട്ട വിവരങ്ങളുടെ പങ്കുവെയ്ക്കലും' - കംബോഡിയൻ ബാങ്കുമായി ആർ. ബി. ഐ. ധാരണാപത്രം ഒപ്പുവച്ചു.

റിസർവ് ബാങ്ക്, കംബോഡിയൻ നാഷണൽ ബാങ്കുമായി മേൽനോട്ട സഹകരണവും, മേൽനോട്ടവിവരങ്ങളുടെ പങ്കുവയ്ക്കലും സംബന്ധമായുള്ള ഒരു ധാരണാപത്രം (MoU) ഒപ്പുവച്ചു.

കംബോഡിയൻ നാഷണൽ ബാങ്കിനുവേണ്ടി, അതിന്റെ സൂപ്പെർവൈസർ എച്ച്. ഇ. കിം വാദയും റിസർവ് ബാങ്കിന് വേണ്ടി, ബാങ്കിംഗ് സൂപ്പെർവിഷൻ വിഭാഗം ചീഫ് ജനറൽ മാനേജർ-ഇൻ-ചാർജ് ശ്രീമതി. മീന ഹേമചന്ദ്രയുമാണ് ധാരണാപത്രം ഒപ്പുവച്ചത്.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, കൂടുതൽ സഹകരണം സ്ഥാപിക്കുന്നതിന് വേണ്ടിയും മേൽനോട്ടസംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന് വേണ്ടിയും എതാനും രാജ്യങ്ങളുമായി മേൽനോട്ട സഹകരണരേഖകളും, സഹകരണ പ്രഖ്യാപനവും ഒപ്പുവച്ചിട്ടുണ്ട്. ഇതുൾപ്പെടെ റിസർവ് ബാങ്ക് ഇതുപോലെയുള്ള 33 ധാരണാപത്രങ്ങളും മേൽനോട്ട സഹകരണ രേഖകളും, ഒരു സഹകരണ പ്രഖ്യാപനവും ഒപ്പു വച്ചിട്ടുണ്ട്.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ്റിലീസ് 2016-2017/15**